നം.ഇഎക്സ്/എച്ച് 3/79451/2013/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി 02/12/2013

# വിജ്ഞാപനം

## സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014

വിഷയം: - സംസ്കൃത അധ്യാപക പരീക്ഷ ഫെബ്രുവരി - 2014.

സൂചന :- 1) G.O. (MS) 216/11/GEdn തീയതി 28/10/2011
2) G.O. (MS) 234/13/GEdn dt 19/08/2013

2014 ലെ സംസ്കൃത അധ്യാപക പരീക്ഷ, പുതിയ സ്കീമിലും, മുൻ വർഷങ്ങളിൽ ഈ പരീക്ഷ എഴുതി വിജയിക്കാൻ കഴിയാത്തവർക്ക് അവസാന അവസരമായി പഴയ സ്കീമിലും സൂചനകളിലെ സർക്കാർ ഉത്തരവ് പ്രകാരം 2014 ഫെബ്രുവരി 19 മുതൽ 26 വരെ താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

1) ഗവൺമെന്റ് ഹൈസ്കൂൾ, മുല്ലേരിയ, കാസർഗോഡ് - 670 543
2) ചൊവ്വ എച്ച്.എസ്.എസ്, ചൊവ്വ. പി.ഒ.,കണ്ണൂർ - 670 006
3) ബി.ഇ.എം. ഹൈസ്കൂൾ വടകര, വടകര പി.ഒ - 673 101
4) സെന്റ് തോമസ് കോളേജ് ഹയർ സെക്കൻഡറി സ്കൂൾ, തൃശ്ശൂർ - 680 005
5) എസ്.എച്ച്. മൗണ്ട് ഹൈസ്കൂൾ, കോട്ടയം - 686 008
6) ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ കൊട്ടാരക്കര - 691506

**പഴയ സ്കീമിൽ പരീക്ഷ എഴുതുന്നവർക്ക് സ്കീമും, സിലബസും മുൻ വർഷത്തെതായിരിക്കും.**

## I. പരീക്ഷ എഴുതുന്നതിന് വേണ്ട യോഗ്യതകൾ

സംസ്കൃതാധ്യാപക പരീക്ഷ എഴുതുന്നതിനുള്ള അടിസ്ഥാനയോഗ്യത +2 ആണ്. ഹയർ സെക്കൻഡറി തലത്തിൽ ഉപഭാഷയായോ, ഐഛികമായോ സംസ്കൃതം പഠിച്ചിരിക്കണം. കൂടാതെ യോഗ്യതാ പരീക്ഷയിൽ 50% മോ അതിൽ കൂടുതൽ മാർക്കോ നേടിയിരിക്കണം.

## II. പരീക്ഷയുടെ പേപ്പറും, ആകെ മാർക്കും സമയവും താഴെ കൊടുത്തിരിക്കുന്നു.

**(New Scheme)**

| Sl. No | Papers | Maximum Marks | Duration (Hours) |
|---|---|---|---|
| Part - I<br>(To be answered in Malayalam or English) | | | |
| 1 | Paper - I<br>Educational Psychology, Principles of Teaching Child Development and Pedagogy | 100 | 3 |
| 2 | Paper - II<br>Experience in Literature & Grammar, Sanskrit, English ,Malayalam | 100 | 3 |
| Part II<br>(Paper - III, IV, V to be answered in Sanskrit Devanagiri script & Paper VI as directed in Question paper) | | | |
| 3 | Paper - III<br>Poetry | 100 | 3 |
| 4 | Paper - IV<br>Prose : Champu, drama | 100 | 3 |
| 5 | Paper - V<br>Vyakarna, Vritha, Alankara | 100 | 3 |
| 6 | Paper - VI<br>History of Sanskrit Literature with reference to Sanskrit writers in Kerala | 100 | 3 |
| **Total** | | **600** | |

അധ്യാപക യോഗ്യത നേടുന്നതിനായി 30 സാധ്യായ ദിവസത്തെ (സംസ്കൃതം 20 ക്ലാസ്, മലയാളം 5, ഇംഗ്ലീഷ് 5 ) അധ്യാപന പരിശീലനം ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് വിദ്യാലയത്തിൽ നിന്നും നേടിയിരിക്കണം. ഇത് തെളിയിക്കുന്നതിന് ആധികാരികമായ രേഖ സ്കൂളിൽ നിന്നു വാങ്ങി ഹാജരാക്കേണ്ടതാണ്. (അനുബന്ധം - 9, 10 )

**III. പരീക്ഷ വിജയിക്കുന്നതിനുള്ള മാനദണ്ഡം.**

- എല്ലാ വിഷയങ്ങൾക്കും കുറഞ്ഞത് 35% മാർക്കും, ഗ്രൂപ്പ് മിനിമം 40% മാർക്കും ലഭിക്കുന്നവരെ മാത്രമേ വിജയിച്ചതായി പ്രഖ്യാപിക്കുകയുള്ളു.
- ഒരു പേപ്പർ മാത്രം പരാജയപ്പെടുകയാണെങ്കിൽ ആ പാർട്ട് മുഴുവനും വീണ്ടും എഴുതേണ്ടതാണ്.

**IV. അപേക്ഷകൻ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ**

1) അപേക്ഷകന്റെ പേരും മേൽ വിലാസവും വ്യക്തമായും പൂർണ്ണമായും അപേക്ഷയിൽ എഴുതേണ്ടതാണ്. കൈവശമുള്ള പത്താം ക്ലാസ് സർട്ടിഫിക്കറ്റിലെ പേര് അതേ രൂപത്തിൽ വലിയ അക്ഷരത്തിൽ ഇംഗ്ളീഷിലും മലയാളത്തിലും എഴുതേണ്ടതാണ്.

2) പാർട്ട് - 1 ന് മലയാളത്തിലോ, ഇംഗ്ലീഷിലോ ഉത്തരമെഴുതേണ്ടതാണ്. പാർട്ട് - 2 ൽ 3,4,5, പേപ്പറുകൾ സംസ്കൃതഭാഷയിൽ ദേവനാഗിരിലിപിയിൽ ഉത്തരമെഴുതേണ്ടതാണ്. ആറാം പേപ്പർ ചോദ്യപേപ്പറിലെ നിർദേശാനുസരണം ഉത്തരമെഴുതേണ്ടതാണ്.

3) പാസ്പോർട്ട് വലുപ്പത്തിലുള്ള രണ്ട് ഫോട്ടോകളിൽ ഒന്ന് അഡ്മിഷൻ ടിക്കറ്റിലും മറ്റൊന്ന് ഐഡന്റിറ്റി സർട്ടിഫിക്കറ്റിലും ഒട്ടിക്കേണ്ടതാണ്. ഫോട്ടോകൾ ആറ് മാസത്തിനകം എടുത്തതാകണം. ഫോട്ടോകൾ ഏതെങ്കിലും ഗസറ്റഡ് ആഫീസർ സാക്ഷ്യ-പ്പെടുത്തേണ്ടതാണ്. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെയോ, ആഫീസിന്റെയോ സീൽ ഫോട്ടോയിൽ പതിയരുത്. ഫോട്ടോയിൽ സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ ഒപ്പ് മാത്രമേ പാടുള്ളു.

## V. പരീക്ഷയെ സംബന്ധിക്കുന്ന പൊതു നിർദേശങ്ങൾ

1) പരീക്ഷാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ നേരിട്ട് ഹാജരായി അഡ്മിഷൻ ടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. പരീക്ഷ തുടങ്ങുന്നതിന് മൂന്നു ദിവസത്തിനു മുൻപ് ചീഫ് സൂപ്രണ്ടിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് വാങ്ങേണ്ടതാണ്. പരീക്ഷയെഴുതുന്ന സമയത്ത് അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥിയുടെ പക്കൽ ഉണ്ടായിരിക്കേണ്ടതും ചീഫ് സൂപ്രണ്ടോ, അസിസ്റ്റന്റ് സൂപ്രണ്ടോ, പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോ ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാകുന്നു. അഡ്മിഷൻ ടിക്കറ്റ് കൈവശം ഇല്ലാത്ത പരീക്ഷാർത്ഥികളെ പരീക്ഷക്ക് പ്രവേശിപ്പിക്കുവാൻ ചീഫ് സൂപ്രണ്ടുമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതുവരെ അഡ്മിഷൻ ടിക്കറ്റ് അവരവർതന്നെ സൂക്ഷിക്കേണ്ടതുമാണ്. അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെട്ടു പോയാൽ പരീക്ഷാർത്ഥി പരീക്ഷാ കമ്മീഷണറുടെ ആഫീസിലേക്ക് ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കേണ്ടതാണ് തൃപ്തികരമായ കാരണങ്ങളാണെന്ന് ബോദ്ധ്യമാകുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റുകൾ നൽകുന്നതാണ്. ഇതിനുവേണ്ടി രൂപ 10/- (പത്ത് രൂപ) "0202-01-102-92 അദർ റെസീപ്റ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടച്ച് ചെലാൻ രസീത് സഹിതം അപേക്ഷിക്കേണ്ടതാണ്. പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചു സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റിന്റെ ഫാറവും ഈ അപേക്ഷയോടൊന്നിച്ച് ഹാജരാക്കണം. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെയും, ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റിന്റെയും ഗസറ്റഡ് ആഫീസർ സക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2) പകർച്ച വ്യാധികൾ ഉള്ളവരെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല.

3) പരീക്ഷാ സെന്ററിലേയ്ക്ക് അയച്ചുകൊടുക്കുന്ന പരീക്ഷാർത്ഥിയുടെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ 'എ' ലിസ്റ്റ് അഡ്മിഷൻ ടിക്കറ്റ് വാങ്ങുമ്പോൾ ചീഫ് സൂപ്രണ്ടിന്റെ സഹായത്തോടുകൂടി പരീക്ഷാർത്ഥികൾ പരിശോധിക്കേണ്ടതും തങ്ങളുടെ പേര്, ഇനിഷ്യൽ, ജാതി, മതം തുടങ്ങിയ വിവരങ്ങൾ അപേക്ഷയിൽ നൽകിയിരുന്നതിൽ നിന്നും വ്യത്യസ്തമാണെന്ന് തോന്നുന്നപക്ഷം ആയത് രേഖാമൂലം ചീഫ് സൂപ്രണ്ടിനെ അറിയിക്കേണ്ടതുമാണ്.

4) നിശ്ചിത സമയത്തിന് പത്ത് മിനിറ്റിന് മുൻപുതന്നെ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ അവരവരുടെ സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞു വരുന്നവരെ പരീക്ഷക്ക് പ്രവേശിപ്പിക്കുന്നതല്ല.

5) ഉത്തരക്കടലാസ് തിരിച്ചേൽപ്പിക്കാതെ ആരെയുംതന്നെ പരീക്ഷാ ഹാൾ വിട്ട് പുറത്തുപോകാൻ അനുവദിക്കുന്നതല്ല.

6) ഒരിക്കൽ പുറത്തുപോയ പരീക്ഷാർത്ഥിയെ വീണ്ടും പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

7) പരീക്ഷാ ഹാളിൽ പൂർണ്ണ നിശബ്ദത പാലിക്കേണ്ടതാണ്.

8) ചോദ്യക്കടലാസിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ ഒഴികെ തിരിച്ചറിയാൻ സാധിക്കുന്ന യാതൊന്നും തന്നെ എഴുതുവാൻ പാടില്ല.

9) പരീക്ഷാർത്ഥികൾക്ക് നൽകുന്ന ഉത്തരക്കടലാസിന്റെ രണ്ട് വശത്തും എഴുതാവുന്നതാണ്. ഇതു സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പരീക്ഷാ ഹാളിൽ നൽകുന്നതായിരിക്കും.

10) പരീക്ഷയെഴുതിക്കഴിഞ്ഞ് ഉത്തരക്കടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

11) ഉത്തരക്കടലാസുകൾ അതിന്റെ ഇടതുവശത്ത് മുകൾ വശത്തായി തുന്നിക്കെട്ടിയിരിക്കണം.

12) പരീക്ഷാർത്ഥികളുടെ പേരോ പരീക്ഷാ കേന്ദ്രത്തിന്റെ പേരോ യാതൊരു കാരണവശാലും ഉത്തരക്കടലാസിൽ എഴുതുവാൻ പാടുള്ളതല്ല. അങ്ങനെയുള്ള ഏതെങ്കിലും വിവരങ്ങൾ എഴുതിയിട്ടുള്ള ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്താതെ നിരസിക്കുന്നതായിരിക്കും.

13) ചീഫ് സൂപ്രണ്ടിനോടും അസിസ്റ്റന്റ് സൂപ്രണ്ടിനോടും പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോടും അപമര്യാദയായി പെരുമാറുന്നവരേയും, ക്രമക്കേടുകൾ കാണിക്കുന്നവരെയും പരീക്ഷാ ഹാളിൽ നിന്ന് പുറത്താക്കുന്നതും അവരെ തുടർന്നുള്ള പരീക്ഷ എഴുതുവാൻ അനുവദിക്കാത്തതുമാണ്. മറ്റ് പരീക്ഷാർത്ഥികളിൽ നിന്നും പകർത്തി എഴുതുവാൻ ശ്രമിക്കുന്നതും പകർത്തി എഴുതുന്നതിന് മറ്റുള്ളവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നതും മറ്റുള്ളവരുമായി സംസാരിക്കുന്നതും എഴുതിയതോ, അച്ചടിച്ചതോ ആയ കടലാസുകൾ കൈവശം വയ്ക്കുന്നതും ക്രമക്കേടായി കണക്കാക്കുന്നതാണ്.

14) പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുന്നവരുടേയും അപമര്യാദയായി പെരുമാറുന്നവരുടേയും പരീക്ഷാർത്ഥിത്വം റദ്ദു ചെയ്യുന്നതും അവരെ അവർ ചെയ്ത തെറ്റിന്റെ ഗൗരവം അനുസരിച്ച് ഈ ബോർഡ് നടത്തുന്ന പൊതു പരീക്ഷകൾക്ക് ചേരുന്നതിൽ നിന്നും സ്ഥിരമായോ, ഒരു നിശ്ചിത കാലയളവിലേക്കോ നിരോധിക്കുന്നതായിരിക്കും..

15) ഈ വിജ്ഞാപന പ്രകാരം പരീക്ഷക്ക് ചേർന്നിട്ടുള്ള എല്ലാ പരീക്ഷാർത്ഥികളും പരീക്ഷയെ സംബന്ധിച്ച് നിലവിലുള്ളതും ഈ വിജ്ഞാപനത്തിനുശേഷം പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്നുള്ള ഒരു ഉറപ്പ് പരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടുള്ളതായി കണക്കാക്കുന്നതാണ്.

16) പരീക്ഷയിൽ വിജയിക്കുന്നവരുടെ രജിസ്റ്റർ നമ്പറുകൾ പരീക്ഷാഭവന്റെ വെബ് സൈറ്റിൽ (www.keralapareekshabhavan.in) ൽ പ്രസിദ്ധീകരിക്കുന്നതാണ്.

17) ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിനിക്കു വേണ്ടിയുള്ള അപേക്ഷകൾ, പരീക്ഷാകേന്ദ്രങ്ങളിൽ മാർക്ക് ലിസ്റ്റ് ലഭിച്ച് 10 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ഒരു പേപ്പറിന് 25/- രൂപയാണ് സ്ക്രൂട്ടിനിക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ്. പ്രസ്തുത ഫീസ് 0202-01-102-92 അദർ റെസീപ്റ്റ്സ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

18) ഉത്തരക്കടലാസുകൾ ഒരു കാരണവശാലും പുനർമൂല്യ നിർണയം ചെയ്യുന്നതല്ല.

## VI. ചീഫ് സൂപ്രണ്ടിന് നൽകുന്ന നിർദേശങ്ങൾ

1) പരീക്ഷ നടത്തുന്ന കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർ പരീക്ഷയുടെ ചീഫ് സൂപ്രണ്ടായിരിക്കും.

2) പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ അതാതു പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട് നേരിട്ട് വിതരണം ചെയ്യേണ്ടതാണ്.

3) ചീഫ് സൂപ്രണ്ടുമാർ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അസൽ ചെലാൻ, ഫോട്ടോസാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ തുടങ്ങിയവ പരിശോധിച്ച് 'എ' ലിസ്റ്റ് തയ്യാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷയോടൊപ്പം 15/01/2014 ന് മുൻപായി ലഭിക്കത്തക്കവിധം രജിസ്റ്റേർഡ് പാഴ്സൽ ആയി **സൂപ്രണ്ട്, 'എച്ച്' സെക്ഷൻ, പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ അയക്കുന്ന കവറിന്റെ മുകളിൽ **സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014** എന്ന് വ്യക്തമായി എഴുതേണ്ടതാണ്.

4) മാർക്ക് ലിസ്റ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് മുൻപ് ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## VII. പരീക്ഷയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളും, തീയതികളും, ഫീസ് ഘടനയും

1) ഫൈൻ കൂടാതെ 30/12/2013 മുതൽ 04/01/2014 വരെയും 10/- രൂപ ഫൈനോടുകൂടി 06/01/2014 മുതൽ 08/01/2014 വരെയും ഫീസ് ട്രഷറിയിൽ അടക്കാവുന്നതാണ്.

2) പരീക്ഷാർത്ഥികൾ പരീക്ഷാ കേന്ദ്രങ്ങളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി - 09/01/2014

3) സെന്റർ ചീഫ് സൂപ്രണ്ടുമാർ 'എ' ലിസ്റ്റ് തയ്യാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷകളോടൊപ്പം പരീക്ഷാ കമ്മീഷണറാഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി - 15/01/2014

4) പരീക്ഷാ ഫീസ്

| | | | |
|---|---|---|---|
| എ) | എല്ലാ ഗ്രൂപ്പിനും | | രൂ. 50/- |
| ബി) | ഒരു പാർട്ടിന് | (private) | രൂ. 20/- |
| സി) | രണ്ടു പാർട്ടുകൾക്ക് | (private) | രൂ. 40/- |
| ഡി) | മാർക്ക് ലിസ്റ്റ് | | രൂ. 40/- |
| ഇ) | സ്ക്രൂട്ടിനി | | രൂ. 25/- |

5) പരീക്ഷാ ഫീസും, ഫൈനും "0202-01-102-99 എക്സാമിനേഷൻ ഫീസ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടക്കേണ്ടതാണ്.

6) ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിനിക്കു വേണ്ടി അപേക്ഷിക്കേണ്ട തീയതി മാർക്ക് ലിസ്റ്റ് പരീക്ഷാകേന്ദ്രങ്ങളിൽ ലഭിച്ച് 10 ദിവസത്തിനുള്ളിൽ ആയിരിക്കണം.

7) ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിനിക്കുള്ള ഫീസ് Rs. 25/- "0202-01-102-92 അദർ റെസീപ്റ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടക്കേണ്ടതാണ്.

പിന്നോക്ക സമുദായത്തിലോ, മറ്റ് ഏതെങ്കിലും വിഭാഗത്തിൽപെട്ടവർക്കോ ഫീസ് സൗജന്യം ഉണ്ടായിരിക്കുന്നതല്ല.

## VIII. TIME TABLE *(New Scheme)*

| Date | Time | Papers |
|---|---|---|
| **Part - I**<br>(To be answered in Malayalam or English) | | |
| 19/02/2014<br>Wednesday | 9.45 am to 1 pm | Paper - I<br>Educational Psychology, Principles of Teaching Child Development and Pedagogy |
| 20/02/2014<br>Thursday | 9.45 am to 1 pm | Paper - II<br>Experience in Literature & Grammar, Sanskrit, English, Malayalam |
| **Part II**<br>(Paper - III, IV, V to be answered in Sanskrit Devanagiri script & Paper VI as directed in Question paper) | | |
| 21/02/2014<br>Friday | 9.45 am to 1 pm | Paper - III<br>Poetry |
| 24/02/2014<br>Monday | 9.45 am to 1 pm | Paper - IV<br>Prose : Champu, drama |
| 25/02/2014<br>Tuesday | 9.45 am to 1 pm | Paper - V<br>Vyakarna, Vritha, Alankara |
| 26/02/2014<br>Wednesday | 9.45 am to 1 pm | Paper - VI<br>History of Sanskrit Literature with reference to Sanskrit writers in Kerala |

## TIME TABLE *(Old Scheme)*

| Date | Time | Papers |
|---|---|---|
| **Part - I** | | |
| 19/02/2014<br>Wednesday | 9.45 am to 1 pm | Paper - I<br>Poetry |
| 20/02/2014<br>Thursday | 9.45 am to 1 pm | Paper - II<br>Prose Chambu & Drama |
| **Part - II** | | |
| 21/02/2014<br>Friday | 9.45 am to 1 pm | Paper - III<br>Grammar, Alankara & Vritta |
| **Part - III** | | |
| 24/02/2014<br>Monday | 9.45 am to 1 pm | Paper - IV<br>Translation & Composition |
| 25/02/2014<br>Tuesday | 9.45 am to 1 pm | Paper - V<br>History & Sanskrit Literature |

കുറിപ്പ്

- ആദ്യത്തെ 15 മിനിട്ട് സമയം 'കൂൾ ഓഫ് ടൈം' ആണ്. ഏതെങ്കിലും കാരണവശാൽ പരീക്ഷാ ദിവസം പൊതു അവധി പ്രഖ്യാപിയ്ക്കുകയാണെങ്കിലും പരീക്ഷ ക്രമ പ്രകാരം യാതൊരു മാറ്റവും കൂടാതെ നടത്തേണ്ടതാണ്. പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ ഉത്തരവില്ലാതെ പരീക്ഷ മാറ്റി വയ്ക്കുവാൻ പാടുള്ളതല്ല.
- പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ചീഫ് സൂപ്രണ്ട് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഒപ്പ്/-)**
**പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി**

## അനുബന്ധം - 1

## സംസ്കൃത അദ്ധ്യാപക പരീക്ഷ - ഫെബ്രുവരി 2014

### പ്രവേശനത്തിനുള്ള അപേക്ഷ

*(പുതിയ സ്കീം)*

1. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :

2. പരീക്ഷാർത്ഥിയുടെ പേര് :
   എ) മലയാളത്തിൽ
   ബി) ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ
   (എസ്.എസ്.എൽ.സി. യിലേതുപോലെ)

3. പോസ്റ്റൽ വിലാസവും :
   ഫോൺ നമ്പരും :

4. ജനനതീയതിയും, വയസ്സും :

5. ജാതി, മതം :

6.വിദ്യാഭ്യാസ യോഗ്യത
(പകർപ്പ് ഉള്ളടക്കം ചെയ്യണം) :

7. ഹയർ സെക്കൻഡറിക്ക്
   ഐശ്ചികം/ഉപഭാഷയായി പഠിച്ച വിഷയം } :

8. പഠിച്ച ഹയർ സെക്കൻഡറി സ്കൂളിന്റെ പേര് :

7. അടച്ച ഫീസ്, ചെലാൻ നമ്പർ, :
   തീയതി,ട്രഷറി,സ്ഥലം

സ്ഥലം :
തീയതി:

അപേക്ഷകന്റെ ഒപ്പ്

<u>സാക്ഷ്യപത്രം</u>

ശ്രീ/ശ്രീമതി. ........................................................................സമർപ്പിച്ചിരിക്കുന്ന അപേക്ഷ അതിനോടൊപ്പമുള്ള അനുബന്ധ രേഖ പ്രകാരം ശരിയാണെന്ന് ബോധ്യപ്പെട്ടു.

ഹെഡ്മാസ്റ്ററുടെ ഒപ്പ്

സ്ഥലം:
തീയതി:

**<u>അനുബന്ധം - 2</u>**

**<u>സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014</u>**

<u>ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്</u>

*(പുതിയ സ്കീം)*

പരീക്ഷാർത്ഥിയുടെ പേര്

ജനനതീയതി :

ഫോട്ടോ

ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന :
ഉദ്യോഗസ്ഥന്റെ പേരും
മേൽവിലാസവും, ആഫീസ് മുദ്രയും

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ്)
ഫോട്ടോയിൽ സീൽ പതിയരുത്

പരീക്ഷാർത്ഥിയുടെ ഒപ്പ്
(ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ
മുന്നിൽ വച്ചിടണം)

(ഓഫീസ് മുദ്ര)

സ്ഥലം :
തീയതി:

---

**<u>അനുബന്ധം - 3</u>**

**<u>സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014</u>**

**<u>അഡ്മിഷൻ ടിക്കറ്റ്</u>**

*(പുതിയ സ്കീം)*

പരീക്ഷാ കേന്ദ്രത്തിന്റെ പേര് :
പരീക്ഷാർത്ഥിയുടെ പേര് :
മലയാളത്തിൽ :

ഇംഗ്ലീഷിൽ :

ജനനതീയതി :

ഫോട്ടോ

ഫോട്ടോഗ്രാഫ് അറ്റസ്റ്റ് ചെയ്യുന്ന
ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക
വിലാസവും, ഓഫീസ് മുദ്രയും
:

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ് )
ഫോട്ടോയിൽ സീൽ പതിയരുത്

പരീക്ഷാർത്ഥിയുടെ ഒപ്പ് :
(ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന
ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം) (സ്കൂൾ സീൽ) ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

---

ഓഫീസ് ഉപയോഗത്തിന്
രജിസ്റ്റർ നമ്പർ

## <u>അനുബന്ധം – 4</u>

## <u>സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014</u>

### <u>സ്ക്രൂട്ടിനിക്കുള്ള അപേക്ഷ</u>

*(പുതിയ സ്കീം)*

1. രജിസ്റ്റർ നമ്പർ :

2. പരീക്ഷാർത്ഥിയുടെ പേര് :

3. പോസ്റ്റൽ വിലാസവും :
   ഫോൺ നമ്പരും :

4. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :

5. സ്ക്രൂട്ടിനിക്ക് അപേക്ഷിച്ച പേപ്പറുകൾ

| ക്രമ നം. | പേപ്പർ | ലഭിച്ച മാർക്ക് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |

6. അടച്ച ഫീസ്, ചെലാൻ നമ്പർ, :
   തീയതി,ട്രഷറി,സ്ഥലം

(അസൽ ചെലാൻ ഹാജരാക്കണം)

സ്ഥലം :: പരീക്ഷാർഥിയുടെ ഒപ്പ്

തീയതി :

**സാക്ഷ്യപത്രം**

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ സ്കൂൾ റിക്കാർഡ് പ്രകാരം ശരിയാണ്.

സ്ഥലം :: ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

തീയതി

(സ്കൂൾ സീൽ)

## അനുബന്ധം - 5

## സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014

പ്രവേശനത്തിനുള്ള അപേക്ഷ

*(പഴയ സ്കീം)*

1. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :

2. പരീക്ഷാർത്ഥിയുടെ പേര് :
   എ) മലയാളത്തിൽ
   ബി) ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ
   (എസ്.എസ്.എൽ.സി. യിലേതുപോലെ)

3. പോസ്റ്റൽ വിലാസവും :
   ഫോൺ നമ്പരും :

4. മുൻ വർഷങ്ങളിൽ സംസ്കൃതാദ്ധ്യാപക പരീക്ഷ എഴുതിയതിന്റെ വിശദവിവരങ്ങൾ

| പരീക്ഷ എഴുതിയത് | | | വിജയിച്ച പേപ്പറുകൾ * |
|---|---|---|---|
| ക്രമ നമ്പർ | മാസവും വർഷവും | രജിസ്റ്റർ നമ്പർ | |
| | | | |
| | | | |
| | | | |
| | | | |
| | | | |

* മാർക്ക് ലിസ്റ്റിന്റെ അസ്സൽ പകർപ്പുകൾ തെളിവിലേക്കായി അപേക്ഷയോടൊപ്പം സമർപ്പിക്കണം

5. പരീക്ഷ എഴുതുന്നതിന് അപേക്ഷിക്കുന്ന പേപ്പറുകൾ

| **ക്രമ നമ്പർ** | **പേപ്പറുകൾ** |
|---|---|
| | |
| | |
| | |
| | |
| | |

6. അടച്ച ഫീസ്, ചെലാൻ നമ്പർ, :
   തീയതി,ട്രഷറി,സ്ഥലം

സ്ഥലം :
തീയതി:

അപേക്ഷകന്റെ ഒപ്പ്

**അനുബന്ധം - 6**
**സംസ്കൃത അദ്ധ്യാപക പരീക്ഷ - ഫെബ്രുവരി 2014**
**ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്**
*(Old Scheme)*

പരീക്ഷാർത്ഥിയുടെ പേര്

ജനനതീയതി :

ഫോട്ടോ

ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും ആഫീസ് മുദ്രയും :

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ്)
ഫോട്ടോയിൽ സീൽ പതിയരുത്

പരീക്ഷാർത്ഥിയുടെ ഒപ്പ്

(ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം)

ഓഫീസ് മുദ്ര

സ്ഥലം :
തീയതി:

---

**അനുബന്ധം - 7**
**സംസ്കൃത അദ്ധ്യാപക പരീക്ഷ - ഫെബ്രുവരി 2014**
**അഡ്മിഷൻ ടിക്കറ്റ്**
*(Old Scheme)*

പരീക്ഷാ കേന്ദ്രത്തിന്റെ പേര്
പരീക്ഷാർത്ഥിയുടെ പേര്
മലയാളത്തിൽ :

ഇംഗ്ലീഷിൽ :

ജനനതീയതി :

ഫോട്ടോ

എഴുതുന്ന പേപ്പറുകൾ :
ഫോട്ടോഗ്രാഫ് അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും, ഓഫീസ് മുദ്രയും :

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ്)
ഫോട്ടോയിൽ സീൽ പതിയരുത്

പരീക്ഷാർത്ഥിയുടെ ഒപ്പ് :
(ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം) (സ്കൂൾ സീൽ) ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

---

ഓഫീസ് ഉപയോഗത്തിന്
രജിസ്റ്റർ നമ്പർ

## അനുബന്ധം – 8

## സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014

### സ്ക്രൂട്ടിനിക്കുള്ള അപേക്ഷ

*(പഴയ സ്കീം)*

1. രജിസ്റ്റർ നമ്പർ :
2. പരീക്ഷാർത്ഥിയുടെ പേര് :
3. പോസ്റ്റൽ വിലാസവും :
   ഫോൺ നമ്പരും :
4. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :
5. സ്ക്രൂട്ടിനിക്ക് അപേക്ഷിച്ച പേപ്പറുകൾ

| ക്രമ നം. | പേപ്പർ | ലഭിച്ച മാർക്ക് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |

6. അടച്ച ഫീസ്, ചെലാൻ നമ്പർ, :
   തീയതി,ട്രഷറി,സ്ഥലം

(അസൽ ചെലാൻ ഹാജരാക്കണം)

സ്ഥലം :: പരീക്ഷാർഥിയുടെ ഒപ്പ്

തീയതി :

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ സ്കൂൾ റിക്കാർഡ് പ്രകാരം ശരിയാണ്.

സ്ഥലം :: ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

തീയതി

(സ്കൂൾ സീൽ)

## അനുബന്ധം – 9

## സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014

(പരീക്ഷാർത്ഥി പരിശീലനത്തിന് ഹാജരായ വിദ്യാലയത്തിലെ
പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തണം)

## സാക്ഷ്യപത്രം

ശ്രീ/ശ്രീമതി ..............................................................................................30 അധ്യായന ദിവസത്തെ അധ്യാപന പരിശീലനം (സംസ്കൃതം 20 ക്ലാസ്, മലയാളം 5 ക്ലാസ്, ഇംഗ്ലീഷ്. 5 ക്ലാസ് ) ഈ വിദ്യാലയത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ടി യാൾ ഹാജരായ ദിവസങ്ങളും കൈകാര്യം ചെയ്ത ക്ലാസുകളും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു

ഒപ്പ്

**പേര്**
സ്കൂളിന്റെ പേര്

സ്ഥലം:
തീയതി:

(സ്കൂൾ സീൽ)

**NB**: അനുബന്ധം 9,10 ന്റെ പകർപ്പുകൾ കൂടുതൽ പരശോധനക്കായി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

## അനുബന്ധം – 10
## സംസ്കൃത അധ്യാപക പരീക്ഷ - ഫെബ്രുവരി 2014

1) പരീക്ഷാർത്ഥിയുടെ പേര് :

2) പരീക്ഷാർത്ഥിയുടെ SSLC/HSE രജിസ്റ്റർ നമ്പറും വർഷവും : SSLC HSE

3) പരിശീലനം നേടിയ വിദ്യാലയത്തിന്റെ പേര് :

4) വിദ്യാഭ്യാസ ജില്ല :

**പരീക്ഷാർത്ഥി പരിശീലനത്തിന് ഹാജരായ ദിവസങ്ങളുടെ വിവരം**

| ഹാജരായ | | ക്ലാസ് | ഡിവിഷൻ | പീരിയഡ് |
|---|---|---|---|---|
| തീയതി | ദിവസം | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

മുകളിൽ പറഞ്ഞരിക്കുന്ന വിവരങ്ങൾ സത്യമെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

**പേര്**
സ്കൂളിന്റെ പേര്

സ്ഥലം:
തീയതി:

(സ്കൂൾ സീൽ)

## അനുബന്ധം - 11

# സിലബസ്

1) എഡ്യുക്കേഷണൽ സൈക്കോളജി,, പ്രിൻസിപ്പിൽസ് ഓഫ് ടീച്ചിംഗ് ചൈൽഡ് ഡെവലപ്മെന്റ് ആന്റ് പെഡോളജി.

കുട്ടിയുടെ ശാരീരിക മാനസിക-ബൗദ്ധിക വികാസങ്ങൾ, പഠന നിയമങ്ങൾ, ശിക്ഷാ സൂത്രങ്ങൾ, പഠനതന്ത്രങ്ങൾ, പഠന സിദ്ധാന്തങ്ങൾ, ഭാഷാപഠനത്തിലെ പാരമ്പര്യവും നൂതനവും ആയ സമീപനങ്ങൾ, ഭാഷാധ്യാപന നൈപുണികൾ, മൂല്യനിർണയം, സവിശേഷശ്രദ്ധ അർഹിക്കുന്നവർ, പ്രശ്നങ്ങളും പരിഹാരങ്ങളും പരിസ്ഥിതി പഠനം, സ്കൂൾ മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ.

2) സംസ്കൃതം, ഇംഗ്ലീഷ്, മലയാളം, ഭാഷാപരിചയത്തിനും സാഹിത്യ വ്യാകരണ പരിചയത്തിനും ആവശ്യമായ പാഠഭാഗങ്ങൾ

(ക്ലാസ് 6 മുതൽ 8 വരെയുള്ള കരിക്കുലവും, സിലബസ്സും അപഗ്രഥിക്കേണ്ടതാണ്)

| Sanskrit | English | Malayalam |
|---|---|---|
| 50 Marks | 25 Marks | 25 Marks |

3) പൊയട്രി

വാല്മീകി രാമായണത്തിലെ ഒരു സർഗം, ഭഗവദ്ഗീതയിലെ സംഗൃഹീത ശ്ലോകങ്ങൾ, മേഘസന്ദേശം - പൂർവ മേഘത്തിലെ സംഗൃഹീതഭാഗം. കിരാതാർജ്ജുനീയം സംഗൃഹീതഭാഗം (ഒരു സർഗത്തിൽ)

4) പ്രോസ് - ചമ്പു, ഡ്രാമ

   1) കാദംബരി - ശുകനാസോപദേശം
   2) രാമായണം ചമ്പു (സുഗ്രീവസഖ്യം - തെരെഞ്ഞെടുത്ത ഭാഗം) അല്ലെങ്കിൽ സന്താനഗോപാലം
   3) ഭാസന്റെ ഒരു നാടകം (ഊരുഭംഗം/കർണഭാരം)

5) വ്യാകരണം, വൃത്തം, അലങ്കാരം

1) ലഘുസിദ്ധാന്ത കൗമുദി - സംജ്ഞാ, സന്ധി, സമാസം, കാരകം, കൃത്, തദ്ധിതൻ

2) അലങ്കാരം - 1) കാവ്യാദർശം - പരിച്ഛേദം - 1. 15 അലങ്കാരങ്ങൾ ( കുവലയാനന്ദം - കാരികയും ഉദാഹരണവും)

3) 15 വൃത്തങ്ങൾ

6) ഹിസ്റ്ററി ഓഫ് സാൻസ്ക്രിറ്റ് ലിറ്ററേച്ചർ വിത്ത് റഫറൻസ് ടു സാൻസ്ക്രിറ്റ് റൈറ്റേഴ്സ് ഇൻ കേരള.
( 20 authors and translation)